(ബി) ഇത്തരം തോട്ടങ്ങളിലെ തൊഴിലാളികൾ അനുഭവിക്കുന്ന ദുരിതം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷ ഉറപ്പു വരുത്താനും മിനിമം ജീവിത സാഹചര്യങ്ങൾ ലഭ്യമാക്കാനും ഉതകുംവിധമുള്ള നയരൂപീകരണം നടത്തുമോ ; മനഃപൂർവ്വം തൊഴിലാളി ദ്രോഹം നടത്തുന്ന തോട്ടങ്ങൾ ഏറ്റെടുക്കാനും നിലനിർത്താനും ആവശ്യമായ സംവിധാനം ഒരുക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്. ഇത്തരത്തിൽ പൂട്ടിയ തോട്ടങ്ങൾ സ്ഥിതിചെയ്യുന്ന ജില്ലകളിൽ പ്ലാന്റേഷൻസ് വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി പ്രവർത്തിച്ചുവരുന്നുണ്ട്. ഈ കമ്മിറ്റി പൂട്ടിയ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് മാരകരോഗ ധനസഹായം, പെൺമക്കൾക്ക് വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നിവ നൽകിവരുന്നു. കമ്മിറ്റിയുടെ ഫണ്ടിൽനിന്നും പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിൽ കടിവെള്ള പദ്ധതി ലയങ്ങളുടെ അറ്റകുറ്റപ്പണികൾക്കുള്ള തുക എന്നിവ നൽകിവരുന്നു. കൂടാതെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ അവകാശം കൈപ്പറ്റി പിരിഞ്ഞിട്ടില്ലാത്ത തൊഴിലാളികൾക്ക് സർക്കാർ ഓണക്കാലത്ത് ആശ്വാസ ധനസഹായമായി 1250 രൂപ വീതം അനുവദിച്ചു നൽകിയിരുന്നു.

(സി) പരിഗണിക്കാവുന്നതാണ്.

മലയാളികളായ നഴ്സുമാരുടെ പുനരധിവാസം

264 (972) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ രാജ്യങ്ങളിലെ ആഭ്യന്തര സംഘർഷംമൂലം തൊഴിൽ നഷ്ടപ്പെട്ട എത്ര മലയാളികളായ നഴ്സുമാരെയും പാരാമെഡിക്കൽ വിഭാഗത്തിൽ ജോലി ചെയ്യുന്നവരെയും തിരിച്ചെത്തിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഇവരുടെ പുനരധിവാസത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനായി ഇതിനകം എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിൽ എത്രപേർക്ക് എവിടെയൊക്കെ ഇതിനകം തൊഴിൽ ലഭ്യമാക്കിയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇറാഖ്, ലിബിയ എന്നീ രാജ്യങ്ങളിലുണ്ടായ ആഭ്യന്തര സംഘർഷംമൂലം തൊഴിൽ നഷ്ടപ്പെട്ട് 796 പേർ നാളിതുവരെ കേരളത്തിൽ തിരികെയെത്തിയതായി നോർക്ക-റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 707 പേർ നഴ്സുമാരാണ്.

(ബി) ഇവർക്ക് വിദേശത്തും കേരളത്തിലും തൊഴിൽ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനായി കേരളീയരായ വിദേശത്തെയും രാജ്യത്തെയും ആശുപത്രി ഉടമസ്ഥരുടെ യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചുകൂട്ടുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ വിദേശത്തെയും കേരളത്തിനകത്തെയും വിവിധ ആശുപത്രികളിലെ പ്രതിനിധികൾ പങ്കെടുത്ത ഒരു റിക്രൂട്ട്മെന്റ് ക്യാമ്പയിൻ നോർക്ക്-റൂട്ട്സിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് വച്ച് 18-11-2014-ന് സംഘടിപ്പിച്ചിരുന്നു. ഏകദേശം 500 ഓളം പേർ ഈ റിക്രൂട്ട്മെന്റ് ക്യാമ്പയിനിൽ പങ്കെടുത്തിരുന്നു. പ്രസ്തുത ക്യാമ്പയിനിൽ നടന്ന ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ നഴ്സുമാരെ വിവിധ ആശുപത്രികളിലേക്ക് നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്,

(സി) ഇറാഖ്/ലിബിയ എന്നീ രാജ്യങ്ങളിലെ ആഭ്യന്തര കലാപത്തെത്തുടർന്ന് തിരികെയെത്തിയ നഴ്സുമാരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതിനായി നാളിതുവരെ നോർക്ക-റൂട്ട്സ് ഹെഡ് ഓഫീസിൽനിന്നും 5.77 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) യു.എ.ഇ.-യിലെ എൻ.എം.സി ഗ്രൂപ്പിലേക്ക് 23 പേരെയും, യു.എ.ഇ.-യിലെ അൽ-അഹല്യ ഗ്രൂപ്പിലേക്ക് 152 പേരെയും ഇന്റർവ്യൂ നടത്തി തെരഞ്ഞെടുത്തതായി അറിയിച്ചിട്ടുണ്ട്. ഇവരുടെ വിസാ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിൽ എൻ.എം.സി. ഗ്രൂപ്പിലേക്കുള്ള 20 പേരും ജോലിയിൽ പ്രവേശിച്ചതായി അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly